ശ്രീ. ജി. സുധാകരൻ : ഈ ചോദ്യം പ്രത്യേകം ഉന്നയിച്ചുകൂടേ ? പ്രത്യേകം ഉന്നയിച്ചാൽ മതി. അപ്പോൾ അതിനെപ്പറ്റി പറയും.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : വാറ്റ് നിയമം അത് അംഗീകരിക്കുന്നില്ല. ഒരു സ്ഥാപനത്തേയും മാറ്റിനിറുത്തുവാൻ പറ്റുകയില്ല. അതാണ് അതിന്റെ പ്രത്യേകത.

ശ്രീ. ജി. സുധാകരൻ : അത് വേറൊരു സബ്മിഷനായി കൊണ്ടുവന്നാൽ മതി. ഒന്ന്, സമവായം ഉണ്ടാക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്,. തീർച്ചയായും ഇനിയും സമവായം ഉണ്ടാക്കാം. അതുപോലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം വൈദ്യനാഥൻ കമ്മിറ്റിയുടെ ശിപാർശകൾ പുനഃപരിശോധിക്കണമെന്നും ശിപാർശകളിൽ കേരള സാഹചര്യത്തിനനുസൃതമായ ഭേദഗതികൾ വരുത്തണമെന്ന് പറഞ്ഞ് മുഖ്യമന്ത്രിക്ക് അയച്ച ഫയലുകൾ എന്റെ കൈവശമുണ്ട്. അതുകൊണ്ട് ആരും ഇത് രാഷ്ട്രീയവത്കരിക്കരുത്. ആ നിലപാടാണ് ഈ ഗവൺമെന്റിനുള്ളത്. പിന്നീട്, അത് നടക്കാത്തപക്ഷം സംസ്ഥാന സഹകരണ പ്രസ്ഥാനത്തെ സംരക്ഷിക്കുവാൻ എങ്ങനെ നമുക്ക് നിയമം ഉണ്ടാക്കാമെന്നതിനെക്കുറിച്ചും കേന്ദ്ര ഗവൺമെന്റിന്റെ മറ്റ് കാര്യങ്ങളിലൊന്നും ഇടപെടാത്തവിധം പുതിയ നിയമമുണ്ടാക്കുന്നതിനെക്കുറിച്ചും നമുക്ക് ചർച്ച ചെയ്യാവുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

V സബ്മിഷൻ

1. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. ജോർജ് മേഴ്സിയർ : സർ, കേരളത്തിലെ പത്ത് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ശോചനീയാവസ്ഥയിലും അക്കാഡമിക് നിലവാരത്തകർച്ചമൂലം വീർപ്പുമുട്ടലനുഭവിക്കുന്നതും കാരണം അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. ഇംഗ്ലീഷ്, ജീവശാസ്ത്രം തുടങ്ങിയ വിഷയങ്ങൾക്ക് അദ്ധ്യാപക തസ്തികകളില്ലാത്ത സ്കൂളുകളുടെ നിലവാരം ഊഹിക്കാവുന്നതാണ്. ബോർഡിംഗ് സ്കൂളുകളിൽ മെയിൽ വാർഡൻ തസ്തിക സൃഷ്ടിക്കാത്തത് വിരോധാഭാസമാണ്. ഈ സ്കൂളുകളിൽ ഐച്ഛിക വിഷയമായി പഠിപ്പിക്കുന്ന ഫിഷറീസ് പേപ്പറിന്റെ സിലബസ് നാൽപ്പത് വർഷങ്ങൾക്കുമുമ്പേ തയ്യാറാക്കിയതാണ്. പ്രസ്തുത സ്കൂളുകളിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ മതിയായ സംവരണവുമില്ല. ഈ സ്കൂളുകളിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള) : സർ, നമ്മുടെ സംസ്ഥാനത്തെ തീരദേശ മേഖലയിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയും അക്കാഡമിക് നിലവാരം ഉയർത്തുന്നതിനു വേണ്ടിയുമാണ് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മെമ്പർ ഈ സബ്മിഷൻ അവതരിപ്പിച്ചിരിക്കുന്നത്. ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള പത്ത് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ ഭരണപരമായ ചുമതലകൾ ഇപ്പോൾ ജില്ലാ പഞ്ചായത്തിനാണ് കൈമാറിയിരിക്കുന്നതെങ്കിലും ഫിഷറീസ് വകുപ്പ് നേരിട്ട് ഫിഷറീസ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ വിവിധ പ്രവൃത്തികളിലൂടെ ധനം ഉപയോഗിക്കാറുണ്ട്. ടി.ആർ.പി. സ്കീമിൽ ഉൾപ്പെടുത്തി 246.65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് വിവിധ സ്കൂൾ കെട്ടിടങ്ങളുടേയും ഹോസ്റ്റൽ കെട്ടിടങ്ങളുടേയും മറ്റ് അടിസ്ഥാന ആവശ്യങ്ങളുടേയും നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്തുള്ള വലിയതുറ സ്കൂളിന്റെ പുതിയ ഹോസ്റ്റൽ ബിൽഡിംഗ് 75 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. അർത്തുങ്കൽ ഹയർ സെക്കണ്ടറി സ്കൂൾ ബിൽഡിംഗ് 38 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. തേവരയിലെ സ്കൂളിന്റെ പുതിയ ബ്ലോക്ക് 67.50 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുണ്ട്. ചാവക്കാട് സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ 14.50 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. താനൂർ സ്കൂളിന്റെ സ്റ്റേജും ആഡിറ്റോറിയവും 8 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുണ്ട്. ബേപ്പൂർ സ്കൂളിന്റെ പുതിയ മൂന്ന് ക്ലാസ് റൂമുകൾ 14 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച് നൽകിയിട്ടുണ്ട്. ബേപ്പൂർ സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിനായി 95 ലക്ഷം രൂപയുടെ പ്രവൃത്തി ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. അഴീക്കൽ സ്കൂളിൽ പുതിയ ഒരു ബ്ലോക്ക് നിർമ്മിക്കുന്നതിന് 29.65 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് സ്കൂളിൽ സമഗ്ര തീരദേശ വികസന പദ്ധതി പ്രകാരം 21.45 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ 2010-11 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 41 ലക്ഷം രൂപയാണ് ലഭ്യമായത്. ഈ തുക കൊയിലാണ്ടി, തേവര സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി അനുവദിച്ചു നൽകിയിട്ടുണ്ട്. കൊയിലാണ്ടി സ്കൂളിന് 26 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്റെ ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ താനൂർ സ്കൂളിന്റെ നവീകരണത്തിനായി 80 ലക്ഷം രൂപയുടേയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ അക്കാഡമിക് നിലവാരം ഉയർത്തുന്നതിനായി ഫിഷറീസ് ഡയറക്ടർ സിലബസ് പരിഷ്കരണത്തിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റി സിലബസ് പരിഷ്കരണത്തിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും കേരളാ കരിക്കുലം ഫ്രെയിം വർക്ക്, നാഷണൽ കരിക്കുലം ഫ്രെയിം വർക്ക് എന്നിവയുടെ നിർദ്ദേശങ്ങൾക്കനുസരണമായി സമീപന രേഖ തയ്യാറാക്കുകയും പ്രസ്തുത സമീപന രേഖ എസ്.സി.ഇ.ആർ.ടി.-യുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും അവരുടെകൂടി നിർദ്ദേശങ്ങൾ പരിഗണിച്ച് എട്ട്, ഒമ്പത്, പത്ത് ക്ലാസ്സുകളിലേയ്ക്കുള്ള സിലബസ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി.-യുടെ നിർദ്ദേശാനുസരണം സിലബസിന്റെ അടിസ്ഥാനത്തിൽ ടെക്സ്റ്റ് ബുക്ക് തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly